# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3893. 27.06. 2012-ൽ മറുപടിയ്ക്ക്**

## പകർച്ചപ്പനി തടയാൻ ബോധവൽക്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | പകർച്ചപ്പനി പടരുന്ന സാഹചര്യത്തിൽ വാർഡ്തലത്തിൽ ആരോഗ്യ ബോധവൽക്കരണത്തിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലെയും ആരോഗ്യ പ്രവർത്തകർ, 'ആശ' പ്രവർത്തകർ എന്നിവർ വീടുവീടാന്തരം സന്ദർശനം നടത്തി പൊതുജനങ്ങൾക്ക് നേരിട്ട് ആരോഗ്യബോധവത്കരണം നൽകുന്നുണ്ട്. നോട്ടീസ് വിതരണം, പോസ്റ്റർ പ്രദർശനം, മൈക്ക് അനൗൺസ്മെന്റ് എന്നിവയിലൂടെയും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാനുള്ള സന്ദേശങ്ങൾ നൽകി വരുന്നു. കൂടാതെ ദൃശ്യ, ശ്രവ്യ, അച്ചടി മാധ്യമങ്ങളിലൂടെയും ആരോഗ്യ ബോധവത്കരണം നടത്തി വരുന്നുണ്ട്. |
| (ബി) | ത്രിതല പഞ്ചായത്തുതലത്തിൽ എന്ത് സഹായങ്ങളാണ് നൽകിയത്; | (ബി) | വാർഡ് തലത്തിൽ ഹെൽത്ത് സാനിട്ടേഷൻ കമ്മിറ്റിയുടെ പ്രവർത്തനത്തിനായി ഓരോ വാർഡിനും 10,000/- രൂപ വീതം എൻ. ആർ. എച്ച്. എം. വഴി നൽകി. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിലും. സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്ത് തലത്തിലും, ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലാ പഞ്ചായത്ത് തലത്തിലും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തി വരുന്നുണ്ട്. |

------2

| | | | |
|---|---|---|---|
| (സി) | ഇവ ശരിയായ വിധത്തിൽ വിനിയോഗിച്ചിരിക്കുന്നുവെന്നറിയാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | പഞ്ചായത്തുതലത്തിലും, ബ്ലോക്ക് തലത്തിലും നടക്കുന്ന ആരോഗ്യബോധവത്കരണ പ്രവർത്തനങ്ങൾ ജില്ലാതലത്തിലും, ജില്ലയിലെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിലും അവലോകന യോഗങ്ങൾ വഴിയും റിപ്പോർട്ടുകൾ വഴിയും വിലയിരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ